മാതൃഭൂമി

26 November 2024



ബംഗാൾ ഉൾക്കടൽ മേഖലയിലെ രാജ്യങ്ങളിലെ പ്രതിനിധികൾക്ക് സി.എം.എഫ്.ആർ.ഐ.യിൽ നടന്ന പരിശീലനത്തിൽ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് സംസാരിക്കുന്നു

# ഫിഷറീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം

## തായ്‌ലാൻഡ്, ശ്രീലങ്ക, ബംഗ്ലാദേശ്, മാലദ്വീപ്, ഇന്ത്യ പ്രതിനിധികൾ പങ്കെടുത്തു

**കൊച്ചി**▸ ബംഗാൾ ഉൾക്കടൽ മേഖലയിലെ രാജ്യങ്ങളിൽനിന്നുള്ള ഫിഷറീസ് ഉദ്യോഗസ്ഥർക്കും ഗവേഷകർക്കും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) പരിശീലനം നൽകി.

ഉത്തരവാദിത്വ മത്സ്യബന്ധനം, പ്രകൃതിസൗഹൃദ ഫിഷറീസ് മാനേജ്മെന്റ് എന്നിവയിലായിരുന്നു പരിശീലനം. ഇന്ത്യക്ക് പുറമേ, തായ്‌ലാൻഡ്, ശ്രീലങ്ക, ബംഗ്ലാദേശ്, മാലദ്വീപ് എന്നീ രാജ്യങ്ങളിലെ പ്രതിനിധികൾ പരിശീലനത്തിൽ പങ്കെടുത്തു.

ഇന്ത്യയുടെ സമുദ്രമത്സ്യമേഖലയുമായി ബന്ധപ്പെട്ട് നടക്കുന്ന ശാസ്ത്രീയ വിവരശേഖരണ രീതികൾ, ഉത്തരവാദിത്വ മത്സ്യബന്ധനരീതികൾ, മാരികൾച്ചർ, ജനിതകപഠനങ്ങൾ, നയരൂപവത്കരണം എന്നീ വിഷയങ്ങളിൽ സി.എം.എഫ്. ആർ.ഐ.യിലെ ശാസ്ത്രജ്ഞർ ക്ലാസുകൾ നയിച്ചു.

ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർ ഗവൺമെന്റൽ ഓർഗനൈസേഷൻ (ബി.ഒ.ബി.പി.-ഐ.ജി.ഒ.) ഡയറക്ടർ ഡോ. പി. കൃഷ്ണൻ, സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, ഡോ. ഇ. വിവേകാനന്ദൻ, ഡോ. ജെ. ജയശങ്കർ, ഡോ. വി.വി.ആർ. സുരേഷ്, ഡോ. സി. രാമചന്ദ്രൻ, ഡോ. സന്ധ്യ സുകുമാരൻ, ഡോ. എൻ.എസ്. ജീന എന്നിവർ സംസാരിച്ചു.